LIBRARY ARCHIVES Kerala Legislative Assembly

**മാനന്തവാടി മണ്ഡലത്തിലെ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

202(948) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ പനമരം ഗ്രാമപഞ്ചായത്തിലെ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിൽ നിലവിലെ തടസ്സങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; തടസ്സം പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) നിലവിൽ ഈ ഫയൽ ഏത് ഓഫീസിലാണുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) 4-3-2016-ലെ എഗ്രിമെന്റ് No. SE (MI) 76/2015-16, പ്രകാരം മാനന്തവാടി മണ്ഡലത്തിലെ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തിയുടെ പ്രവൃത്തിസ്ഥലം കരാറുകാരന് 4-3-2016-ന് ഒരു വർഷ പൂർത്തീകരണ കാലാവധിയോടുകൂടി കൈമാറിയിരുന്നു. ആയതു പ്രകാരം 28 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മെയിൻ കനാൽ 237.00 മീറ്ററും എൽ.ബി കനാൽ 271.00 മീറ്ററും റിട്ടേൺ കനാൽ 420.00 മീറ്ററും റോഡ് ഡ്രെയിൻ 42.00 മീറ്ററും കരാറുകാരൻ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സംരക്ഷണഭിത്തിയും പമ്പ്ഹൗസിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ ഒഴികെയുള്ള പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി പല തവണകളിലായി 3-6-2019 വരെ അനുവദിച്ചു നൽകുകയും ചെയ്തു. ടി കാലയളവിലും പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരന് സാധിക്കാത്തതിനാൽ ടി കരാറുകാരനെ ചെറുകിട ജലസേചന (ഉത്തരമേഖല) വിഭാഗം, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 25-1-2021-ലെ ഉത്തരവ് നമ്പർ ഡിബി 54188/2014 തീയതി എഗ്രിമെന്റ് നിയമങ്ങൾ, വ്യവസ്ഥകൾ പ്രകാരം റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. തുടർന്ന് ബാലൻസ് പ്രവൃത്തി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 5-5-2021-ലെ ഇ-ടെണ്ടർ No-SEMI/ET/12/2020-21 Re tender 1 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ആയതിൽ 2 പേർ പങ്കെടുക്കുകയും അധിക നിരക്ക് ക്വാട്ട് ചെയ്യുകയും ചെയ്തിരുന്നു. അധിക നിരക്ക് ക്വാട്ട് ചെയ്തതിനാൽ അംഗീകാരത്തിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ടെണ്ടർ എക്സസ് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാരിൽ പരിശോധിച്ചു വരുന്നു.